ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തുടനീളമുള്ള 98,000 മൊബൈൽ 4 ജി ടവറുകളും സ്വദേശി 4ജി ശൃംഖലകളും പ്രധാനമന്ത്രി നാളെ നാടിനു സമർപ്പിക്കും.

   **The Prime Minister will dedicate 98,000 mobile 4G towers and indigenous 4G networks across the country tomorrow.**

2. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 21-ാം ഗഡുവിതരണം ആരംഭിച്ചു.

   **The 21st installment of the Pradhan Mantri Kisan Samman Nidhi scheme has begun.**

3. വേൾഡ് ഫുഡ് ഇന്ത്യ ഉച്ചകോടിയിൽ ഒരു ലക്ഷം കോടി രൂപയുടെ ധാരണാപത്രങ്ങൾ ഒപ്പുവച്ചതായി ഭക്ഷ്യ സംസ്കരണ മന്ത്രി ചിരാഗ് പാസ്വാൻ.

   **MoUs worth Rs 1 lakh crore were signed at the World Food India Summit, Food Processing Minister Chirag Paswan said.**

4. കഴിഞ്ഞ പതിനൊന്ന് വർഷത്തിനുള്ളിൽ ഇന്ത്യ സാങ്കേതികവിദ്യാധിഷ്ഠിത രാഷ്ട്രമായി മാറിയെന്ന് ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ്

   **Science and Technology Minister Jitendra Singh says that India has become a technology-based nation in the last eleven years.**

5. കേരളത്തിൽ മഴ ശക്തം. നാല് തെക്കൻ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

   **Heavy rain in Kerala. Orange alert in four southern districts today.**

6. ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ - ശ്രീലങ്ക പോരാട്ടം അല്പസമയത്തിനകം. ഇന്ത്യയും പാകിസ്ഥാനുമായുള്ള ഫൈനൽ മറ്റന്നാൾ.

   **India-Sri Lanka clash in Asia Cup Cricket Super Four soon. The final between India and Pakistan is on after tomorrow.**

❁❁❁❁❁❁❁❁❁❁❁❁❁

**PREZ- GEOSCIENCE AWARD**

രാജ്യവികസനത്തിന് ധാതുക്കൾ നിർണായക പങ്ക് വഹിക്കുമ്പോഴും ധാതുക്കളുടെ ഖനനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് പരിഹാരംകാണാനും ശാസ്ത്രജ്ഞർ ശ്രമിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ദേശീയ ഭൗമശാസ്ത്ര പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ വിതരണം ചെയ്യുകയായിരുന്നു രാഷ്ട്രപതി. സുസ്ഥിര ധാതു

വികസനത്തിന് നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് പോലുള്ള സാങ്കേതിക വിദ്യയുടെ സേവനം ഉറപ്പാക്കണമെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു.

## PM-JYOTIRADITYA M. SCINDIA

രാജ്യത്തുടനീളമുള്ള 98,000 മൊബൈൽ 4 ജി ടവറുകളും സ്വദേശി 4ജി ശൃംഖലകളും പ്രധാനമന്ത്രി നാളെ ഒഡിഷയിൽ ഉദ്ഘാടനം ചെയ്യും. ഇത് പൂർണ്ണമായും സോഫ്റ്റ്‌വെയർ നിയന്ത്രിതവും ക്ലൗഡ് അധിഷ്ഠിതവും പരിധിയില്ലാതെ 5ജിയിലേക്ക് മാറാവുന്നതുമാണ്. ഈ ടവറുകൾ രാജ്യത്തുടനീളമുള്ള 22 ദശലക്ഷം ഉപഭോക്താക്കൾക്ക് സേവനം നല്കുകയാണ്. കേന്ദ്രവാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ അറിയിച്ചതാണിക്കാര്യം.

## FINAL RAJNATH-MIG (INTRO)

മിഗ്-21 യുദ്ധവിമാനങ്ങൾ എക്കാലവും രാജ്യത്തിൻറെ അഭിമാനമാനമായിരിക്കുമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ചണ്ഡീഗഢിൽ നടന്ന മിഗ്-21 യുദ്ധവിമാനങ്ങളുടെ ഡി കമ്മീഷനിങ് ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ആറു പതിറ്റാണ്ടു നീണ്ട ഐതിഹാസിക സേവനങ്ങൾക്ക് ശേഷമാണ് മിഗ്-21 യുദ്ധവിമാനങ്ങൾക്ക് ഇന്ത്യൻ വ്യോമസേന വിട നൽകിയത്.

വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി സിങ്ങ് മിഗ്-21 ൻറെ അവസാന പറക്കലിന് നേതൃത്വം നൽകി.

(voice)

## SHIVRAJ-PM KISAN

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 21-ാാം ഗഡുവിതരണത്തിന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ തുടക്കം കുറിച്ചു. ഇതിന്റെ പ്രയോജനം ലഭിച്ചവരിൽ 2.7 ലക്ഷം സ്ത്രീ കർഷകരും ഉൾപ്പെടുന്നുണ്ടെന്ന് ചടങ്ങിനെ അഭിസംബോധന ചെയ്യവേ അദ്ദേഹം പറഞ്ഞു. വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഗുരുതരമായി ബാധിച്ച ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ കർഷകർക്കാണ് ഈ ഗഡു മുൻഗണന നൽകിയിട്ടുള്ളത്.

## MEA-BRIEFING(INTRO)

റഷ്യൻ സേനയിൽ അവസരം വാഗ്ദാനം ചെയ്യുള്ള തട്ടിപ്പുകൾക്ക് നേരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് വിദേശകാര്യ മന്ത്രാലയം. മന്ത്രാലയത്തിൻറെ കണക്കു പ്രകാരം, നിലവിൽ 27 ഇന്ത്യൻ പൗരന്മാരാണ് റഷ്യൻ സേനയിൽ

പ്രവർത്തിക്കുന്നത്. ഇത്തരം തട്ടിപ്പുകൾ ജീവന് തന്നെ ഭീഷണിയായി മാറിയേക്കാമെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. (വോയിസ്)

പ്രധാനമന്ത്രി നരേന്ദ്രമോദിയും, റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള ടെലഫോൺ സംഭാഷണം സംബന്ധിച്ച് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടേ നടത്തിയ പ്രസ്താവന അടിസ്ഥാനരഹിതമാണെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അമേരിക്കയിൽ നിന്ന് വർഷമിതുവരെ 2,417 ഇന്ത്യക്കാരെയാണ് മടക്കി അയച്ചതെന്നും വിദേശകാര്യ വക്താവ് വ്യക്തമാക്കി .

## PASWAN – WORLD FOOD INDIA

ന്യൂഡൽഹിയിൽ നടന്ന വേൾഡ് ഫുഡ് ഇന്ത്യ ഉച്ചകോടിയിൽ ഒരു ലക്ഷം കോടി രൂപയുടെ ധാരണാപത്രങ്ങൾ ഒപ്പുവച്ചതായി ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രി ചിരാഗ് പാസ്വാൻ. രാജ്യത്തുടനീളം ഒമ്പത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇത് കാരണമാകുമെന്ന് അദ്ദേഹം പറഞ്ഞു. ഭക്ഷ്യ സംസ്കരണ മേഖലയിലെ രാജ്യത്തിന്റെ ശക്തി, ഭക്ഷ്യ സുസ്ഥിരത, പോഷകസമൃദ്ധവും ജൈവവുമായ ഭക്ഷണത്തിന്റെ

ഉത്പാദനം എന്നിവയാണ് വേൾഡ് ഫുഡ് ഇന്ത്യ പ്രദർശിപ്പിക്കുന്നത്.

## JITENDRA – CSIR

കഴിഞ്ഞ പതിനൊന്ന് വർഷത്തിനുള്ളിൽ ഇന്ത്യ സാങ്കേതികവിദ്യാധിഷ്ഠിത രാഷ്ട്രമായി മാറിയെന്ന് ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ് . ന്യൂഡൽഹിയിൽ കൗൺസിൽ ഓഫ് സയൻറിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചിന്റെ 84-ാമത് സ്ഥാപക ദിനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സാങ്കേതികവിദ്യ സുപ്രധാന പങ്ക് വഹിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## RAIN KERALA

കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. വടക്കൻ കേരളത്തിൽ നാളെ അതിശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## NADDA AND L MURUGAN

ബി.ജെ.പി സംസ്ഥാനസമിതി യോഗം കൊല്ലത്ത് നാളെ പാർട്ടി ദേശീയ അധ്യക്ഷൻ ജെ. പി.നഡ്ഡ ഉദ്ഘാടനം ചെയ്യും.

കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് സംസ്ഥാനത്തെത്തും. മാതാ അമൃതാനന്ദമയിയുടെ 72-ആം

ജന്മദിനത്തോടനുബന്ധിച്ച് കൊല്ലം അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടക്കുന്ന അമൃത വർഷം പരിപാടിയിൽ അദ്ദേഹം നാളെ പങ്കെടുക്കും. കേന്ദ്രമന്ത്രി ജെ.പി നഡ്ഡ, കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ എന്നിവരും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ അല്പസമയത്തിനകം മത്സരം

ആരംഭിക്കും. ഞായറാഴ്ചയാണ് ഇന്ത്യയും പാകിസ്ഥാനുമായുള്ള ഫൈനൽ . സൂപ്പർ ഫോറിൽ ഇന്നലെ ബംഗ്ലാദേശിനെ 11 റൺസിന് പരാജയപ്പെടുത്തിയാണ് പാകിസ്ഥാൻ ഫൈനൽ ഉറപ്പിച്ചത്.

## GST REFORMS- ITEMS STATIONERY

ഈ മാസം 22 നു നിലവിൽവന്ന ജിഎസ്ടി പരിഷ്കാരങ്ങൾ രാജ്യത്തിന്റെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണെന്ന് കേന്ദ്രസർക്കാർ. നോട്ട്ബുക്കുകൾ, ഗ്രാഫ് ബുക്കുകൾ, ഷാർപ്പനറുകൾ, പെൻസിലുകൾ തുടങ്ങിയ സ്റ്റേഷനറി ഇനങ്ങൾ പൂർണ്ണമായും നികുതി രഹിതമാക്കിയത് വിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമായി. നികുതി നിരക്കുകളിലെ ഗണ്യമായ കുറവ് സാധാരണക്കാർക്ക് മാത്രമല്ല, നിർമ്മാണ യൂണിറ്റുകളെയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ഉത്തേജിപ്പിക്കുകയും ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

## SEVAPARV(INTRO)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ, ഇന്ത്യയുടെ ബഹിരാകാശ മേഖലയെ അഭൂതപൂർവമായ ഉയരങ്ങളിലേക്ക് എങ്ങനെ നയിച്ചു എന്നതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

(music )

❁❁❁❁❁❁❁❁❁❁❁❁❁

## SEVAPARV(VOICE)

സെമി-ക്രയോജനിക് എഞ്ചിൻ, ഇലക്ട്രിക് പ്രൊപ്പൽഷൻ തുടങ്ങിയ അവശ്യ ബഹിരാകാശ സാങ്കേതികവിദ്യകളിൽ രാജ്യം ദ്രുതഗതിയിലുള്ള പുരോഗതി കൈവരിച്ചിട്ടുണ്ട്. ജനുവരിയിൽ, ബഹിരാകാശത്ത് ഡോക്കിംഗ്, അൺഡോക്കിംഗ് എന്നിവ നടത്താൻ കഴിവുള്ള നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയുടെ ബഹിരാകാശ യാത്ര, ഇന്ത്യയുടെ ആദ്യത്തെ മനുഷ്യ ബഹിരാകാശ യാത്രയായ ഗഗൻയാന്റെ വിജയത്തിലേക്കുള്ള ആദ്യപടിയാണ്. 2035 ആകുമ്പോഴേക്കും ഒരു ഇന്ത്യൻ ബഹിരാകാശ നിലയം ഒരുക്കാനുള്ള തയ്യാറെടുപ്പിലാണ് രാജ്യം.ബഹിരാകാശ മേഖലയിൽ ഒന്നിനുപുറകെ ഒന്നായി നാഴികക്കല്ലുകൾ കൈവരിക്കുന്നത് രാജ്യത്തെ സംബന്ധിച്ച് സാധാരണ സംഭവമായിരിക്കുന്നുവെന്ന് ഈ വർഷത്തെ ദേശീയ ബഹിരാകാശ ദിനത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു.

(ഹോൾഡ്-വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**PUBLIC HOLIDAY**

ഈ വർഷത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ഈ മാസം 30 ചൊവ്വാഴ്ച കേരളത്തിൽ പൊതു അവധി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി.

❁❁❁❁❁❁❁❁❁❁❁❁❁

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻ്റെ 126-ാം പതിപ്പ് മറ്റെന്നാൾ രാവിലെ 11 മണിക്ക്. ദൂരദർശൻ്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA-UN-TERRORISM

ഭീകര വാദ ഭീഷണിക്കെതിരായ പോരാട്ടത്തിൽ ലോകം ഒന്നിക്കേണ്ടത് അത്യാവശ്യമാണെന്ന് ഇന്ത്യ. ന്യൂയോർക്കിൽ നടന്ന ഭീകര പ്രവർത്തനങ്ങൾക്ക് ഇരയായവരുടെ കൂട്ടായ്മയുടെ ആറാമത് മന്ത്രിതല യോഗത്തിൽ സംസാരിക്കവെ വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് ആണ് ഇപ്രകാരം പറഞ്ഞത്. ഭീകരതയുടെ ഇരകളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും സമഗ്രമായ സമീപനം പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച ഐക്യരാഷ്ട്രസഭ അംഗരാജ്യങ്ങളുടെയും നിരീക്ഷകരുടെയും കൂട്ടായ്മയാണ് ഗ്രൂപ്പ് ഓഫ് ഫ്രണ്ട്സ് ഓഫ് വിക്ടിംസ്.

❁❁❁❁❁❁❁❁❁❁❁❁❁